**മധുരമായ കുട്ടികളേ- ഈ പഴയ പതിത ലോകത്തോട് നിങ്ങൾക്ക് പരിധിയില്ലാത്ത വൈരാഗ്യം ഉണ്ടാകണം, എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് പാവനമായി മാറണം, നിങ്ങളുടെ ഉയരുന്ന കലയിലൂടെ എല്ലാവർക്കും നന്മയുണ്ടാകുന്നു.**

**ചോദ്യം-** ആത്മാവ് തന്റെ തന്നെ ശത്രുവും തന്റെ തന്നെ മിത്രവുമാണെന്ന് പറയാറുണ്ട്, സത്യമായ മിത്രമാകുന്നത് എങ്ങനെയാണ്?
**ഉത്തരം-** ഒരേയൊരു ബാബയുടെ ശ്രീമതം അനുസരിച്ച് സദാ നടന്നുകൊണ്ടിരിക്കുക- സത്യമായ മിത്ര മാകുന്നതിങ്ങനെയാണ്. സത്യമായ മിത്രത ഒരേയൊരു ബാബയെ ഓർമ്മിച്ച് പാവനമായി മാറുക എന്ന താണ് പിന്നീട് ബാബയിൽ നിന്നും പൂർണ്ണ സമ്പത്തും എടുക്കണം. ഇങ്ങനെ മിത്രമാകുന്നതിനുള്ള യുക്തി ബാബ തന്നെയാണ് പറഞ്ഞുതരുന്നത്. സംഗമയുഗത്തിൽ തന്നെയാണ് ആത്മാവ് തന്റെ മിത്രമാകുന്നത്.

**ഗീതം-** നിങ്ങൾ രാത്രി നഷ്ടപ്പെടുത്തി.........

**ഓം ശാന്തി**. ഈ ഗീതം ഭക്തിമാർഗ്ഗത്തിലേതാണ്, മുഴുവൻ ലോകത്തിലുമുള്ള ആരെല്ലാം ഗീതങ്ങൾ പാടു കയും ശാസ്ത്രങ്ങൾ പഠിക്കുകയും തീർത്ഥയാത്രകൾ നടത്തുകയും ചെയ്യുന്നുവോ, ഇതെല്ലാം ഭക്തി മാർഗ്ഗമാണ്. ജ്ഞാനമാർഗ്ഗം എന്ന് എന്തിനെയാണ് പറയുന്നത്, ഭക്തിമാർഗ്ഗം എന്ന് എന്തിനെയാണ് പറയു ന്നത്, ഇത് നിങ്ങൾ കുട്ടികൾ തന്നെയാണ് മനസ്സിലാക്കുന്നത്. വേദം, ശാസ്ത്രം, ഉപനിഷത്ത് മുതലായവ ഭക്തിയുടേതാണ്. അരകല്പം ഭക്തി നടക്കുന്നു പിന്നീട് അരകല്പം ജ്ഞാനത്തിന്റെ പ്രാലബ്ധം നടക്കു ന്നു. ഭക്തി ചെയ്ത് ചെയ്ത് താഴേയ്ക്ക് വീഴുകതന്നെ വേണം. 84 പുനർജന്മങ്ങൾ എടുത്ത് താഴേയ്ക്ക് വീണു. പിന്നീട് ഒരു ജന്മത്തിൽ നിങ്ങളുടെ ഉയരുന്ന കലയുണ്ടാകുന്നു. ഇതിനെയാണ് ജ്ഞാനമാർഗ്ഗം എന്നു പറയുന്നത്. ജ്ഞാനത്തെക്കുറിച്ച് ഒരു സെക്കന്റിൽ ജീവന്മുക്തി എന്നാണ് പാടിയിരിക്കുന്നത്. ദ്വാപരം മുതൽ നടന്നുവരുന്ന രാവണ രാജ്യം സമാപ്തമായി പിന്നീട് രാമരാജ്യം സ്ഥാപിതമാകും. ഡ്രാമ യിൽ എപ്പോഴാണോ നിങ്ങളുടെ 84 ജന്മങ്ങൾ പൂർത്തിയാകുന്നത് അപ്പോൾ ഉയരുന്ന കലയിലൂടെ എല്ലാ വരുടേയും മംഗളം ഉണ്ടാകുന്നു. ഈ വാക്കുകൾ എവിടെയോ ഏതോ ശാസ്ത്രത്തിലുണ്ട്. ഉയരുന്ന കല യിലൂടെ എല്ലാവരുടേയും മംഗളം. സർവ്വരുടേയും സദ്ഗതി ചെയ്യുന്നത് ഒരേയൊരു ബാബയല്ലേ. സന്യാ സിമാർ അനേകമുണ്ട്. വളരെ അധികം മത- മതാന്തരങ്ങളാണ്. ശാസ്ത്രങ്ങളിൽ എഴുതിയിരിക്കുന്നത് കല്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷങ്ങളാണെന്നാണ്, ഇപ്പോൾ ശങ്കരാചാര്യർ പറയുന്നത് 10,000 വർഷം................ എത്ര വ്യത്യാസം വന്നു. ചിലർ പിന്നീട് ഇത്ര ആയിരം വർഷം എന്നു പറയും. കലി യുഗത്തിൽ അനേകം മനുഷ്യരുണ്ട്, അനേകം മതങ്ങളും അനേകം ധർമ്മങ്ങളുമുണ്ട്. സത്യയുഗത്തിൽ ഒരേയൊരു മതമാണുള്ളത്. ബാബ നിങ്ങൾ കുട്ടികൾക്ക് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുകയാണ്. ഇത് കേൾപ്പിക്കുന്നതിനും എത്ര സമയം എടുക്കുന്നു. കേൾപ്പിച്ചുകൊണ്ടേയിരിക്കു ന്നു. എന്തുകൊണ്ട് ആദ്യം തന്നെ ഇതെല്ലാം കേൾപ്പിച്ചില്ല എന്നു പറയാൻ പറ്റില്ല. സ്ക്കൂളിൽ പഠനം നമ്പർ അനുസരിച്ചായിരിക്കും. ചെറിയ കുട്ടികളുടെ കർമ്മേന്ദ്രിയങ്ങൾ ചെറുതായിരിക്കും അതിനാൽ അവർക്ക് കുറച്ചേ പഠിപ്പിക്കൂ. പിന്നീട് ഇന്ദ്രിയങ്ങൾ വളരുന്നതിനനുസരിച്ച് ബുദ്ധിയുടെ പൂട്ട് തുറക്കപ്പെടും. പഠിപ്പ് ധാരണ ചെയ്തുകൊണ്ടിരിക്കും. ചെറിയ കുട്ടികളുടെ ബുദ്ധിയിൽ ഒന്നും ധാരണയാവില്ല. വലുതാകു മ്പോൾ പിന്നീട് വക്കീലോ ജഡ്ജോ ആവും, ഇതിലും അതുപോലെയാണ്. ചിലരുടെ ബുദ്ധിയിൽ നന്നായി ധാരണയാവും. ബാബ പറയുന്നു ഞാൻ വന്നിരിക്കുകയാണ് പതിതത്തിൽ നിന്നും പാവനമാക്കി മാറ്റാൻ. അതിനാൽ ഇപ്പോൾ പതിതലോകത്തോട് വൈരാഗ്യം ഉണ്ടാവണം. ആത്മാവ് പാവനമായാൽ പിന്നെ പതി തലോകത്ത് നിൽക്കാൻ കഴിയില്ല. പതിത ലോകത്തിൽ ആത്മാവും പതിതമാണ്, മനുഷ്യരും പതിതമാണ്. പാവന ലോകത്തിൽ മനുഷ്യർ പാവനമായിരിക്കും, പതിത ലോകത്തിൽ മനുഷ്യർ പതിതമായിരിക്കും. ഇത് രാവണരാജ്യമാണ്. എങ്ങനെയാണോ രാജാവും റാണിയും അതുപോലെത്തന്നെയാണ് പ്രജകളും. ഈ മുഴുവൻ ജ്ഞാനവും ബുദ്ധികൊണ്ട് മനസ്സിലാക്കാനുള്ളതാണ്. ഈ സമയത്ത് എല്ലാവർക്കും ബാബ യോട് വിപരീത ബുദ്ധിയാണ്. നിങ്ങൾ കുട്ടികൾ ബാബയെ ഓർമ്മിക്കുന്നു. ഉള്ളിൽ ബാബയോട് സ്നേഹ മുണ്ട്. ആത്മാവിൽ ബാബയോട് സ്നേഹവും ബഹുമാനവുമുണ്ട് എന്തെന്നാൽ ബാബയെ അറിയാം. ഇവിടെ നിങ്ങൾ സന്മുഖത്താണ്. ശിവബാബയിൽ നിന്നും കേട്ടുകൊണ്ടിരിക്കുകയാണ്. ബാബ മനുഷ്യ സൃഷ്ടിയുടെ ബീജരൂപം, ജ്ഞാനസാഗരം, പ്രേമസാഗരം, ആനന്ദസാഗരമാണ്. ഗീതാജ്ഞാന ദാതാവായ പരമപിതാ ത്രിമൂർത്തി ശിവ പരമാത്മാവ് പറയുകയാണ്. ത്രിമൂർത്തി എന്ന വാക്ക് തീർച്ചയായും ഇടണം എന്തെന്നാൽ ത്രിമൂർത്തികൾക്ക് മഹിമയുണ്ടല്ലോ. ബ്രഹ്മാവിലൂടെ സ്ഥാപന എങ്കിൽ തീർച്ചയായും ബ്രഹ്മാ

വിലൂടെയായിരിക്കും ജ്ഞാനം കേൾപ്പിക്കുന്നത്. ശ്രീകൃഷ്ണൻ ശിവ ഭഗവാനുവാചാ എന്ന് പറയില്ല. പ്രേരണയിലൂടെ ഒന്നും സംഭവിക്കില്ല, കൃഷ്ണനിൽ ശിവബാബ പ്രവേശിക്കുകയുമില്ല. ശിവബാബ പരദേശത്താണ് വരുന്നത്. സത്യയുഗം ശ്രീകൃഷ്ണന്റെ ദേശമല്ലേ. അതിനാൽ രണ്ടുപേരുടേയും മഹിമ വ്യത്യസ്തമാണ്. മുഖ്യമായ കാര്യവും ഇതാണ്.

സത്യയുഗത്തിൽ ആരും ഗീത പഠിക്കില്ല. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ ജന്മ ജന്മാന്തരം പഠിക്കുന്നു. ജ്ഞാനമാർഗ്ഗത്തിൽ ഇങ്ങനെ സംഭവിക്കില്ല. ഭക്തിമാർഗ്ഗത്തിൽ ജ്ഞാനത്തിന്റെ കാര്യങ്ങൾ ഉണ്ടാവില്ല. ഇപ്പോൾ രചയിതാവായ ബാബ തന്നെയാണ് രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നത്. മനുഷ്യന് രചയിതാവാകാൻ സാധിക്കില്ല. ഞാൻ രചയിതാവാണ് എന്ന് പറയാൻ മനുഷ്യന് കഴിയില്ല. ബാബ സ്വയം പറയുന്നു– ഞാൻ മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്. ഞാൻ ജ്ഞാനത്തിന്റെ സാഗരവും, പ്രേമത്തിന്റെ സാഗരവും, സർവ്വരുടേയും സദ്ഗതി ദാതാവുമാണ്. കൃഷ്ണന്റെ മഹിമതന്നെ വേറെയാണ്. അതിനാൽ ഈ വ്യത്യാസങ്ങൾ മുഴുവൻ എഴുതണം. വായിക്കുന്നവർക്ക് മനസ്സിലാകണം ഗീതാജ്ഞാനം നൽകുന്നത് കൃഷ്ണനല്ല എന്നത്, ഈ കാര്യം അംഗീകരിച്ചാൽ നിങ്ങൾ വിജയിച്ചു. മനുഷ്യർ കൃഷ്ണന് പിറകിൽ എത്രയാണ് വലയുന്നത്, ശിവന്റെ ഭക്തർ ശിവനുവേണ്ടി കഴുത്ത് അറുക്കുന്നതിനുപോലും തയ്യാറാകുന്നത്, അവർക്ക് കേവലം ശിവന്റെ അടുത്ത് എത്തിയാൽ മതി, അതുപോലെ ഇവർ കൃഷ്ണന്റെ അടുത്തേയ്ക്ക് പോകണം എന്നു കരുതുന്നു. പക്ഷേ കൃഷ്ണന്റെ അടുത്തേയ്ക്ക് പോകാൻ പറ്റില്ല. കൃഷ്ണനുമുന്നിൽ ബലിയാകുന്ന കാര്യമില്ല. ദേവിമാർക്കുമുന്നിൽ ബലി നൽകാറുണ്ട്. ദേവതകൾക്കുമുന്നിൽ ഒരിയ്ക്കലും ആരും ബലി നൽകാറില്ല. നിങ്ങൾ ദേവിമാരല്ലേ. നിങ്ങൾ ശിവബാബയുടേതായി മാറി അതിനാലാണ് ശിവബാബയ്ക്കുമുന്നിൽ ബലി അർപ്പിക്കുന്നത്. ശാസ്ത്രങ്ങളിൽ ഹിംസയുടെ കാര്യങ്ങൾ എഴുതിയിരിക്കുന്നു. നിങ്ങൾ ശിവബാബയുടെ കുട്ടികളല്ലേ. ശരീരം– മനസ്സ്– ധനം എല്ലാം ബലിയർപ്പിക്കുന്നു, വേറെ കാര്യമൊന്നുമില്ല അതിനാലാണ് ശിവനുമുന്നിലും ദേവിമാർക്കുമുന്നിലും ബലി നൽകുന്നത്. ഇപ്പോൾ സർക്കാർ കാശി കൽവർട്ടിൽ ശിവനുവേണ്ടി ബലിയർപ്പിക്കുന്നത് നിരോധിച്ചു. ഇപ്പോൾ ആ വാളേയില്ല. ഭക്തിമാർഗ്ഗത്തിൽ ആരാണോ തന്റെ തന്നെ ഹത്യ ചെയ്യുന്നത് അത് തന്നോടുതന്നെ ശത്രുത കാണിക്കുന്നതിനുള്ള ഉപായമാണ്. മിത്രമാകുന്നതിന് ഒരേയൊരു ഉപായമേയുള്ളു അത് ബാബ പറഞ്ഞു തരുന്നു– പാവനമായി മാറി ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് എടുക്കൂ. ഒരു ബാബയുടെ ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കൂ, ഇതാണ് മിത്രത. ഭക്തിമാർഗ്ഗത്തിൽ ജീവാത്മാവ് തന്റെ തന്നെ ശത്രുവാണ്. പിന്നീട് ബാബ വന്ന് ജ്ഞാനം നൽകുമ്പോൾ ജീവാത്മാവ് തന്റെ തന്നെ മിത്രമാകുന്നു, ശ്രീമതം ലഭിക്കുമ്പോൾ ഞങ്ങൾ ബാബയുടെ ശ്രീമതത്തിലൂടെയേ നടക്കൂ എന്ന് കരുതുന്നു. തന്റെ മതം അനുസരിച്ച് അരകല്പം നടന്നു. ഇപ്പോൾ ശ്രീമതത്തിലൂടെ സദ്ഗതി നേടണം, ഇതിൽ തന്റെ മതം നടക്കില്ല. ബാബ നിർദ്ദേശം നൽകുക മാത്രമേ ചെയ്യുന്നുള്ളു. നിങ്ങൾ ദേവതയാവാൻ വന്നതല്ലേ. ഇവിടെ നല്ല കർമ്മം ചെയ്താൽ അടുത്ത ജന്മത്തിലും നല്ല ഫലം ലഭിക്കും, അമരലോകത്തിൽ. ഇവിടെയാണെങ്കിൽ മൃത്യുലോകമാണ്. ഈ രഹസ്യവും നിങ്ങൾ കുട്ടികൾക്കേ അറിയൂ. അതും നമ്പർവൈസായി. ചിലരുടെ ബുദ്ധിയിൽ നല്ലരീതിയിൽ ധാരണയാവുന്നു, ചിലർക്കാണെങ്കിൽ ധാരണ ചെയ്യാൻ പറ്റില്ല ഇതിൽ ടീച്ചർക്ക് എന്ത് ചെയ്യാൻ പറ്റും. ടീച്ചറോട് കൃപയോ ആശീർവ്വാദമോ യാചിക്കുമോ. ടീച്ചർ പഠിപ്പിച്ചിട്ട് തന്റെ വീട്ടിലേയ്ക്ക് പോകും. സ്ക്കൂളിൽ ആദ്യമാദ്യം ഭഗവാനോട് പ്രാർത്ഥിക്കുന്നു– അല്ലയോ ഭഗവാനെ ഞങ്ങളെ ജയിപ്പിക്കണേ എങ്കിൽ ഞങ്ങൾ ഭോഗ് സമർപ്പിക്കാം. ടീച്ചറോട് ആശീർവ്വദിക്കൂ എന്ന് ഒരിയ്ക്കലും പറയില്ല. ഈ സമയത്ത് പരമാത്മാവ് നമ്മുടെ അച്ഛനുമാണ് ടീച്ചറുമാണ്. അച്ഛന്റെ ആശീർവ്വാദം തീർച്ചയായും ഉണ്ടാകും. അച്ഛന്മാർ ആൺകുട്ടികളെ ആഗ്രഹിക്കുന്നു, ആൺകുട്ടി ജനിച്ചാൽ അവന് ധനം നൽകും. എങ്കിൽ ഇത് ആശീർവ്വാദമായില്ലേ. ഇത് ഒരു നിയമമാണ്. കുട്ടികൾക്ക് അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. ഇപ്പോൾ വീണ്ടും തമോപ്രധാനമായിക്കൊണ്ടിരിക്കുകയാണ്. എങ്ങനെയാണോ അച്ഛൻ അതുപോലെ കുട്ടികളും. ദിനംപ്രതിദിനം ഓരോ വസ്തുക്കളും തമോപ്രധാനമായിക്കൊണ്ടിരിക്കുന്നു. തത്വങ്ങളും തമോപ്രധാനമായിക്കൊണ്ടിരിക്കുകയാണ്. ഇത് ദുഃഖധാമമാണ്. ഇനിയും 40,000 വർഷം ആയുസ്സുണ്ടെങ്കിൽ അവസ്ഥ എന്താകും. മനുഷ്യരുടെ ബുദ്ധി തീർത്തും തമോപ്രധാനമായിരിക്കുന്നു.

ബാബയുമായി യോഗം വെയ്ക്കുന്നതിനാൽ ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ പ്രകാശം വന്നിരിക്കുന്നു. ബാബ പറയുന്നു എത്ര ഓർമ്മിക്കുന്നുവോ അത്രയും പ്രകാശം വർദ്ധിച്ചുകൊണ്ടിരിക്കും. ഓർമ്മയിലൂടെ ആത്മാവ് പവിത്രമാകുന്നു. പ്രകാശം വർദ്ധിക്കും. ഓർമ്മിക്കുന്നേയില്ലെങ്കിൽ പ്രകാശം ലഭിക്കുകയില്ല. ഓർമ്മയിലൂടെ ബുദ്ധിയ്ക്ക് വെളിച്ചം ലഭിക്കും. ഓർമ്മിച്ചുമില്ല പിന്നെ എന്തെങ്കിലും വികർമ്മവും ചെയ്തുവെങ്കിൽ പ്രകാശം കുറഞ്ഞുപോകും. നിങ്ങൾ സതോപ്രധാനമായി മാറാനാണ് പുരുഷാർത്ഥം ചെയ്യുന്നത്. ഇത് മനസ്സിലാക്കേണ്ട വളരെ വലിയ കാര്യമാണ്. ഓർമ്മയിലൂടെയേ നിങ്ങളുടെ ആത്മാവ്

പവിത്രമായിക്കൊണ്ടിരിക്കൂ. നിങ്ങൾക്ക് എഴുതാൻ സാധിക്കും ഈ രചയിതാവിന്റേയും രചനയുടേയും ജ്ഞാനം ശ്രീകൃഷ്ണന് നൽകാൻ കഴിയില്ല. അത് പ്രാലബ്ധമാണ്. ഇതും എഴുതണം 84 ജന്മങ്ങളിലെ അന്തിമ ജന്മത്തിൽ ശ്രീകൃഷ്ണന്റെ ആത്മാവ് വീണ്ടും ജ്ഞാനം എടുക്കുകയാണ് എന്നിട്ട് ഫസ്റ്റ് നമ്പ റിലേയ്ക്ക് പോകും. ബാബ ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് സത്യയുഗത്തിൽ 9 ലക്ഷമേ ഉണ്ടാകൂ, പിന്നീട് അതിൽ നിന്നും വൃദ്ധിയും ഉണ്ടാകുമല്ലോ. ദാസ ദാസിമാരും ഒരുപാട് ഉണ്ടാകും, അവരും പൂർണ്ണമായി 84 ജന്മങ്ങൾ എടുക്കും. 84 ജന്മങ്ങളേ കണക്കാക്കൂ. ആരാണോ നല്ലരീതിയിൽ പരീക്ഷ പാസാകുന്നത് അവർ ആദ്യമാദ്യം വരും. എത്ര വൈകിപ്പോകുന്നുവോ അതിനനുസരിച്ച് കെട്ടിടം പഴയതാകുമല്ലോ. പുതിയ വീട് ഉണ്ടാക്കുന്നു പിന്നീട് ഓരോ ദിവസം കഴിയുന്തോറും ആയുസ്സ് കുറഞ്ഞുവരുന്നു. അവിടെ യാണെങ്കിൽ സ്വർണ്ണംകൊണ്ടുള്ള കൊട്ടാരങ്ങളാണ് ഉണ്ടാക്കുക, അത് പഴയതാകില്ല. സ്വർണ്ണം സദാ തിള ങ്ങിക്കൊണ്ടിരിക്കും. എന്നാലും വൃത്തിയാക്കേണ്ടിവരും. ശുദ്ധമായ സ്വർണ്ണം കൊണ്ട് ആഭരണം നിർമ്മി ച്ചാലും അവസാനം അതിന്റെ തിളക്കം കുറയും പിന്നീട് പോളിഷ് ആവശ്യമാണ്. ഞങ്ങൾ പുതിയ ലോക ത്തിലേയ്ക്ക് പോവുകയാണ് എന്ന സന്തോഷം നിങ്ങൾ കുട്ടികളിൽ സദാ ഉണ്ടാവണം. ഈ നരകത്തിൽ ഇത് അന്തിമ ജന്മമാണ്. ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ അതെല്ലാം പഴയ ലോകമാ ണ്, പഴയ ശരീരമാണ് എന്നത് അറിയാം. ഇപ്പോൾ നമുക്ക് സത്യയുഗമാകുന്ന പുതിയ ലോകത്തിൽ പുതിയ ശരീരം എടുക്കണം. 5 തത്വങ്ങളും പുതിയതാകും. ഇങ്ങനെ വിചാരസാഗര മഥനം നടക്കണം. ഇത് പഠിപ്പല്ലേ. അവസാനം വരെ നിങ്ങളുടെ ഈ പഠിപ്പ് ഉണ്ടാകും. പഠിപ്പ് അവസാനിക്കുമ്പോൾ വിനാശം ഉണ്ടാകും. അതിനാൽ സ്വയം വിദ്യാർത്ഥിയാണെന്ന് മനസ്സിലാക്കി ഈ സന്തോഷത്തിൽ ഇരിക്കണ്ടേ– ഭഗ വാൻ നമ്മെ പഠിപ്പിക്കുകയാണ് ഈ സന്തോഷം കുറഞ്ഞതാണോ. പക്ഷേ കൂടെത്തന്നെ മായയും തലതി രിഞ്ഞ കർമ്മങ്ങൾ ചെയ്യിക്കുന്നു. 5–6 വർഷം പവിത്രമായിരിക്കുന്നു പിന്നീട് മായ വീഴ്ത്തുന്നു. ഒരു തവണ വീണാൽ പിന്നെ ആ അവസ്ഥ ഉണ്ടാകില്ല. നമ്മൾ വീണാൽ പിന്നെ ഒരു വെറുപ്പ് വരും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മുഴുവൻ കാര്യങ്ങളും ഓർമ്മ വേണം. ഈ ജന്മത്തിൽ എന്തെല്ലാം പാപങ്ങളാണ് ചെയ്തത്, ഓരോ ആത്മാവിനും തന്റെ ഈ ജന്മത്തിലെ കാര്യങ്ങൾ അറിയാമല്ലോ. ചിലർ മന്ദബുദ്ധികളാ യിരിക്കും, ചിലർ വിശാലബുദ്ധിയായിരിക്കും. ചെറുപ്പത്തിലെ ചരിത്രം ഓർമ്മയുണ്ടാകുമല്ലോ. ഈ ബാബയും ചെറുപ്പത്തിലെ ചരിത്രം കേൾപ്പിക്കാറുണ്ടല്ലോ. ബാബയ്ക്ക് ആ വീട് മുതലായവയും ഓർമ്മയുണ്ട്. പക്ഷേ ഇപ്പോൾ അവിടെ മുഴുവൻ പുതിയ വീടുകൾ വന്നുകഴിഞ്ഞു. 6 വയസ്സുമുതൽ തന്റെ ജീവിതകഥ ഓർമ്മ യുണ്ട്. അഥവാ മറന്നുപോയെങ്കിൽ മന്ദബുദ്ധിയാണെന്നുപറയും. ബാബ പറയുന്നു തന്റെ ജീവിതകഥ എഴുതൂ. ജീവിതത്തിന്റെ കാര്യമല്ലേ. ജീവിതത്തിന് എത്ര തിളക്കമുണ്ടായിരുന്നു എന്നത് മനസ്സിലാകും. ഗാന്ധി, നെഹ്റു മുതലായവരുടെ എത്ര വാല്യങ്ങളാണ് ഇറങ്ങുന്നത്. വാസ്തവത്തിൽ നിങ്ങളുടെ ജീവിതം വളരെ വിലപ്പെട്ടതാണ്. അത്ഭുതകരമായ ജീവിതമല്ലേ. ഇത് വളരെ വിലപ്പെട്ട അമൂല്യമായ ജീവിതമാണ്. ഇതിന്റെ മൂല്യം അളക്കാൻ സാധിക്കില്ല. ഈ സമയത്ത് നിങ്ങൾ മാത്രമേ സേവനം ചെയ്യുന്നുള്ളൂ. ഈ ലക്ഷ്മീ നാരായണന്മാർ ഒരു സേവനവും ചെയ്യുന്നില്ല. മറ്റുള്ളവരേയും ഇങ്ങനെയുള്ള ജീവിതം നയിക്കു ന്നതിന് പ്രാപ്തരാക്കുന്ന സേവനം ചെയ്യുമ്പോൾ നിങ്ങളുടെ ജീവിതം വളരെ മൂല്യമുള്ളതാകുന്നു. ആരാണോ നന്നായി സേവനം ചെയ്യുന്നത് അവർ മഹിമയ്ക്ക് യോഗ്യരാകുന്നു. വൈഷ്ണോദേവിയു ടെയും ക്ഷേത്രമുണ്ടല്ലോ. ഇപ്പോൾ നിങ്ങൾ സത്യം സത്യമായ വൈഷ്ണവരായി മാറുകയാണ്. ആരാണോ പവിത്രം അവരാണ് വൈഷ്ണവർ. ഇപ്പോൾ നിങ്ങളുടെ ഭക്ഷണവും പാനീയങ്ങളും വൈഷ്ണവരുടേതാ ണ്. ആദ്യ നമ്പറിലെ വികാരത്തിന്റെ കാര്യത്തിലും നിങ്ങൾ വൈഷ്ണവരാണ് അർത്ഥം പവിത്രമാണ്. ജഗ ദംബയുടെ കുട്ടികൾ നിങ്ങൾ എല്ലാവരും ബ്രഹ്മാകുമാരീ കുമാരന്മാരല്ലേ. ബ്രഹ്മാവും സരസ്വതിയും. ബാക്കി കുട്ടികൾ അവരുടെ സന്താനങ്ങളാണ്. നമ്പർവൈസ് ആയി ദേവിമാരുമുണ്ട്, അവരുടെ പൂജ ഉണ്ടാകുന്നു. ബാക്കി ഇത്രയും ഭുജങ്ങൾ നൽകിയിരിക്കുന്നതെല്ലാം വെറുതെയാണ്. നിങ്ങൾ വളരെ അധികംപേരെ തനിക്കുസമാനമാക്കി മാറ്റുന്നു അതിനാലാണ് അനേകം കൈകൾ നൽകിയിരിക്കുന്നത്. ബ്രഹ്മാവിനേയും 100 കൈകളുള്ളവരായി, 1000 കൈകളുള്ളവരായി കാണിക്കുന്നുണ്ട്. ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ കാര്യങ്ങളാണ്. നിങ്ങളോട് പിന്നെ ബാബ പറയും ദൈവീക ഗുണങ്ങളും ധാരണ ചെയ്യ ണം. ആർക്കും ദുഃഖം നൽകരുത്. ആർക്കും തലതിരിഞ്ഞ വഴി പറഞ്ഞുകൊടുത്ത് അവരുടെ സർവ്വനാ ശത്തിന് വഴി വെയ്ക്കരുത്. ഒരേയൊരു മുഖ്യമായ കാര്യമാണ് മനസ്സിലാക്കിക്കൊടുക്കേണ്ടത് അതായത് ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടി കൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം-**

1) മഹിമയ്ക്കും പൂജയ്ക്കും യോഗ്യരായി മാറുന്നതിനായി സത്യമായ വൈഷ്ണവരായി മാറണം. കഴിക്കുന്നതിലും കുടിക്കുന്നതിലുമുള്ള ശുദ്ധിയോടൊപ്പം പവിത്രമായും ഇരിക്കണം. ഈ മഹത്വമുള്ള ജീവിതത്തിൽ സേവനം ചെയ്ത് ഒരുപാടുപേരുടെ ജീവിതത്തെ ശ്രേഷ്ഠമാക്കി മാറ്റണം.

2) ആത്മാവിന്റെ പ്രകാശം വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിധത്തിൽ ബാബയുമായി യോഗം ചെയ്യണം. യാതൊരു വികർമ്മവും ചെയ്ത് പ്രകാശത്തെ കുറയ്ക്കരുത്. സ്വയത്തോട് മിത്രത കാണിക്കണം.

## വരദാനം:- സ്വ-സ്ഥിതിയുടെ സീറ്റിൽ സ്ഥിതി ചെയ്ത് പരിതസ്ഥിതികളുടെ മേൽ വിജയം പ്രാപ്തമാക്കുന്ന മാസ്റ്റർ രചയിതാവായി ഭവിക്കട്ടെ.

ഏതെങ്കിലും പരിതസ്ഥിതി പ്രകൃതി മുഖേനയാണ് വരുന്നത് അതിനാൽ പരിതസ്ഥിതി രചനയാണ്, സ്വ-സ്ഥിതിയുള്ളവർ രചയിതാവുമാണ്. മാസ്റ്റർ രചയിതാവ് അഥവാ മാസ്റ്റർ സർവ്വ ശക്തിവാൻ ഒരിക്കലും തോൽവി വാങ്ങുകയില്ല, അത് അസംഭവ്യമാണ്. അഥവാ ആരെങ്കിലും തന്റെ സീറ്റ് ഉപേക്ഷിക്കുകയാണെങ്കിൽ തോറ്റുപോകുന്നു. സീറ്റ് ഉപേക്ഷിക്കുക അർത്ഥം ശക്തിഹീനനാവുക. സീറ്റിന്റെ അടിസ്ഥാനത്തിൽ ശക്തികൾ സ്വതവേ വന്നുചേരുന്നു. ആരാണോ സീറ്റിൽ നിന്ന് താഴെയിറങ്ങുന്നത് അവരിൽ മായയുടെ പൊടിമണ്ണ് പറ്റുന്നു. ബാപ്ദാദയുടെ ഓമനയായ മർജീവ ജന്മധാരി ബ്രാഹ്മണർ ഒരിക്കലും ദേഹാഭിമാനമാകുന്ന മണ്ണിൽ കളിക്കുകയില്ല.

## സ്ലോഗൻ:- ദൃഢത കടുത്ത സംസ്കാരങ്ങളെപ്പോലും മെഴുകുതിരി പോലെ ഉരുക്കിക്കളയുന്നു.

**അവ്യക്ത സൂചനകൾ - സംയുക്ത സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**
എങ്ങനെയാണോ ജ്ഞാന സ്വരൂപം അതേപോലെ സ്നേഹ സ്വരൂപമാകൂ, ജ്ഞാനവും സ്നേഹവും രണ്ടും സംയുക്തമായിരിക്കണം എന്തുകൊണ്ടെന്നാൽ ജ്ഞാനം ബീജമാണ്, സ്നേഹം വെള്ളവുമാണ്. അഥവാ വിത്തിന് വെള്ളം കൊടുക്കുന്നില്ലെങ്കിൽ ഫലം നൽകുകയില്ല. ജ്ഞാനത്തോടൊപ്പം ഹൃദയത്തിന്റെ സ്നേഹമുണ്ടെങ്കിൽ പ്രാപ്തിയാകുന്ന ഫലം ലഭിക്കും.